(സി) പീപ്പിൾസ് ആക്ഷൻ ഫോർ ഡവലപ്പ്മെന്റ് (കേരള)യുടെ ഡ്രൈവറായ ശ്രീ. സി. റ്റി. സാഗറിനെ പിരിച്ചുവിട്ടതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് കോടതിയിൽ ഉണ്ടോ; അതിന്റെ വിശദാംശം എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

ഖാദിബോർഡ് സംഘടിപ്പിക്കുന്ന ഓണം, ക്രിസ്മസ് സ്കൂൾ മേളകൾ

74 [5949] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിബോർഡ് ഓണം, ക്രിസ്മസ് സ്കൂൾ മേളകൾ സംഘടിപ്പിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ രണ്ടു വർഷം എത്ര മേളകൾ സംഘടിപ്പിച്ചു; അവ എവിടെയെല്ലാമാണ് സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) മേളകളിൽ എന്തു തുക വില്പന ഉണ്ടായിട്ടുണ്ടെന്നും ഓരോ സ്ഥലത്തേയും വില്പന എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) മേളകൾക്കുവേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) മേളകളുടെ വരവും ചെലവും കണക്കാക്കി പരിശോധിച്ചാൽ ലാഭമായിരുന്നുവോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഇ) വിവരം ശേഖരിച്ചുവരുന്നു.

ഖാദിബോർഡിന്റെ ഗ്രാമസൗഭാഗ്യ ഷോറൂമുകൾ

75 [5951] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിബോർഡിന്റെ ഗ്രാമസൗഭാഗ്യ ഷോറൂമുകൾ നിലവിൽ ഏതൊക്കെ ജില്ലകളിലാണുള്ളത്;

(ബി) തിരുവനന്തപുരത്തെ ആറ്റുകാൽ ഷോപ്പിംഗ് കോംപ്ലക്സിലെ ഔട്ട്ലെറ്റിലേയും 'കേദാരം' ഔട്ട്ലെറ്റിലേയും തുണിത്തരങ്ങൾ വില്പനയ്ക്കെടുത്തിട്ട് എത്ര വർഷമായി;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ രണ്ട് ഷോറൂമുകളിലും ആയി എന്തു തുകയുടെ തുണിത്തരങ്ങൾ കെട്ടിക്കിടപ്പുണ്ട്;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ ഗ്രാമസൗഭാഗ്യ ഷോറൂമുകളിൽ ഇതു പോലെ സാധനങ്ങൾ വിൽക്കാതെ കെട്ടിക്കിടപ്പുണ്ടെന്ന് ഷോറും തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട് ഒഴിച്ചുള്ള മറ്റെല്ലാ ജില്ലകളിലുമുണ്ട്.

(ബി) ഓരോവർഷവും വാങ്ങുന്ന തുണിത്തരങ്ങളും മുമ്പ് സ്റ്റോക്കുള്ളതും ഒരുമിച്ചാണ് വില്പന നടത്തുന്നത്. സാധനങ്ങളുടെ കാലപ്പഴക്കം കണക്കാക്കി വരുന്നു.

(സി) 31-3-2003-ലെ കണക്കനുസരിച്ച് ആറ്റുകാൽ ഷോപ്പിംഗ് കോംപ്ലക്സിൽ 69,26,021 രൂപയുടേയും കേദാരം കോംപ്ലക്സിൽ 5,86,346 രൂപയുടേയും വില്പന യോഗ്യമായ തുണിത്തരങ്ങൾ സ്റ്റോക്കുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ഖാദിബോർഡിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

76 [5952] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിബോർഡിൽ അനുവദിച്ചിട്ടുള്ള വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും അനുവദിക്കപ്പെട്ട സ്ഥലങ്ങളിൽ തന്നെയാണോ ജോലി ചെയ്യുന്നതെന്ന് അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലാ ഓഫീസിൽ മേൽപറഞ്ഞ എത്ര തസ്തികകൾ ഉണ്ട്;

(സി) പ്രസ്തുത ജില്ലയിൽ എത്ര വർഷമായി മേൽ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള കാല താമസം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നീ തസ്തികകളിൽ 2 എണ്ണം വീതം ഒഴിച്ച് ബാക്കി എല്ലാവരും അനുവദിക്കപ്പെട്ട സ്ഥലങ്ങളിൽ തന്നെയാണ് ജോലി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly